നാളികേരം തുടങ്ങിയവയിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭകരെ കണ്ടെത്തുവാനുള്ള പദ്ധതി, സിമന്റ് പ്രോഡക്ട്സ് നിർമ്മാണത്തിനായി സർക്കാർ സഹായത്തോടെ വിവിധ യൂണിറ്റുകൾ രൂപീകരിക്കുന്നതിനായി സംരംഭകരെ കണ്ടെത്തി പദ്ധതികൾ നടപ്പിലാക്കുക, മണ്ഡലത്തിൽ സുലഭമായി ലഭിക്കുന്ന റബ്ബർ ലാറ്റക്സ് ഉപയോഗിച്ച് വിവിധ റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി തുടങ്ങി മറ്റ് പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

പ്രവാസി സംരംഭങ്ങൾക്ക് സഹായം

144(3576) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ പ്രവാസികളുടെ സാങ്കേതിക പരിജ്ഞാനവും പരിചയമികവും ഉപയോഗപ്പെടുത്തി വ്യവസായവകുപ്പിന്റെ കീഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് തൊഴിൽ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

തൊഴിൽരഹിതരായ പ്രവാസികളുടെ സാങ്കേതിക പരിജ്ഞാനവും പരിചയ മികവും ഉപയോഗപ്പെടുത്തി തൊഴിൽ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. തൊഴിൽരഹിതരായ പ്രവാസികൾക്ക് കൂടി സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ തൊഴിൽ സാദ്ധ്യത ഉറപ്പു വരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രത പദ്ധതി. പ്രസ്തുത പദ്ധതിയിൽ നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കും പ്രത്യേക പ്രാധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിരിക്കുന്നു. നിലവിലുള്ള സംരംഭക സഹായ പദ്ധതി ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ മാർഗ്ഗരേഖ GO(MS) No.103/2020/ID dated 24-11-2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിൻപ്രകാരം SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% ആയി വർദ്ധിപ്പിച്ചു, ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ വിവരശേഖരണത്തിനായി വ്യവസായ വാണിജ്യ വകുപ്പ് ഒരു ഓൺലൈൻ പോർട്ടൽ തയ്യാറാക്കി ടി പോർട്ടൽ വഴി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവർക്ക് ആവശ്യമായ കൈത്താംഗ് സഹായവും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മടങ്ങിയെത്തിയ പ്രവാസികളുടെ താത്പര്യങ്ങൾ മനസ്സിലാക്കിയ ശേഷം അവർക്ക് വേണ്ട വകുപ്പുതല സഹായം നൽകുവാൻ ഒരു സമ്പൂർണ്ണ വിവരശേഖരണ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. www.industry.kerala.gov.in എന്ന വെബ്സൈറ്റിലും മടങ്ങിയെത്തുന്ന പ്രവാസികളുടെ സംരംഭക വിവരങ്ങൾ സമർപ്പിക്കുവാനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്.

(ബി) പ്രവാസി മലയാളികൾക്ക് സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാരിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ നൽകുന്ന പ്രത്യേക പദ്ധതി നിലവിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

പ്രവാസി മലയാളികൾക്ക് സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാരിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ നൽകുന്ന പ്രത്യേക പദ്ധതി നിലവിലില്ലെങ്കിലും പ്രവാസികളുടെ സംരംഭക ശേഷിയും തൊഴിൽ വൈദഗ്ധ്യവും കണക്കിലെടുത്ത് നാട്ടിൽ സ്വയംതൊഴിൽ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി ബാങ്കുകളിൽ നിന്നും വായ്പ നൽകി വരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും ആദ്യം 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും ഈ പദ്ധതി മുഖേന ലഭിക്കുന്നു. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുള്ള സഹായവും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി ലഭ്യമാക്കുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ച് വായ്പാലഭ്യത വിപുലപ്പെടുത്തിയിട്ടുണ്ട്. ടി ധനകാര്യ സ്ഥാപനങ്ങളിലേതെങ്കിലും തെരഞ്ഞെടുത്ത് ഗുണഭോക്താവ് സമർപ്പിക്കുന്ന അപേക്ഷ പ്രസ്തുത ധനകാര്യ സ്ഥാപനത്തിലേക്ക് ശിപാർശ ചെയ്ത് അയയ്ക്കുകയും ആയത് പരിശോധിച്ച് ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുകയുമാണ് ചെയ്യുന്നത്. കൂടാതെ വായ്പ വഴിയോ അല്ലാതെയോ നിക്ഷേപം നടത്തുന്ന വ്യവസായ സംരംഭകർക്ക് സംരംഭക സഹായ പദ്ധതി പ്രകാരം സ്ഥിര നിക്ഷേപത്തിന് ആനുപാതികമായി സബ്സിഡി അനുവദിക്കുന്നതിൽ പ്രവാസികൾ ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി അധിക സബ്സിഡി അനുവദിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly